2000- ലെ കേരള വഴിനടപ്പ് ജന്മാവകാശ സംരക്ഷണ ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. പി. രാജു സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ : 22 ബില്ലുകൾ പരിഗണനയ്ക്കെടുത്തു എന്നുപറയുന്നതുതന്നെ ഒരു റിക്കാർഡാണ് സഭയുടെ ചരിത്രത്തിൽ, അടുത്തുവരുന്ന ബില്ലുകൾ തുടർച്ചയാണ്. ശ്രീ. എം. മുരളി....

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച

1998-ലെ കേരള കർഷക പെൻഷൻ ക്ഷേമനിധി ബിൽ (തുടർച്ച)

ശ്രീ. എം. മുരളി : 1998-ൽ നോട്ടീസ് നൽകിയ കേരള കർഷക ക്ഷേമനിധി ബില്ലിന്റെ ചർച്ചയാണ് ഇവിടെ ഉപസംഹരിക്കുന്നത്. ഞാൻ രണ്ട് പ്രാവശ്യം ഈ സഭയുടെ മുമ്പിൽ തുടർച്ചയായി ഇതുകൊണ്ടുവന്നു. കേരളത്തിൽ 148 വിളകളാണ് കൃഷിചെയ്യുന്നത്. നെല്ലുൾപ്പെടെയുള്ള പ്രധാനപ്പെട്ട വിളകളുൾപ്പെടുന്ന 148 വിളകളിലായി കർഷക കേരളം താലോലിക്കുന്ന ഏതാണ്ട് 50 ലക്ഷത്തോളം കർഷകരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതിൽ 40 ലക്ഷത്തോളം ചെറുകിട നാമമാത്ര കർഷകരുണ്ട്. ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള കൃഷിക്കാരാണ് കൂടുതലും. ഒരു ഹെക്ടറിന് മുകളിൽ ഭൂമിയുള്ള കർഷകരെ ഞാൻ വിടുന്നു. കൃഷിയോട് ആഭിമുഖ്യമില്ലാത്ത ഒരു തലമുറ രാജ്യത്ത് വളർന്നു വരുന്നു എന്ന യാഥാർത്ഥ്യം കണ്ടുകൊണ്ട് കൃഷിയുടെ മഹത്വം നിലനിർത്താൻ കാർഷിക കേരളത്തെ സംരക്ഷിക്കാൻ 40 ലക്ഷത്തോളം വരുന്ന ചെറുകിട നാമമാത്ര കൃഷികാർക്ക് ഒരു പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ കാർഷികരംഗത്തെ സംരക്ഷിക്കുവാൻ അങ്ങ് തയ്യാറാകണം. ഏതാനും കർഷകരെ മാത്രം കവർചെയ്യുന്ന ഒരു പദ്ധതി പോര. കർഷക കുടുംബങ്ങൾക്ക് മുഴുവൻ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സംരക്ഷണവും കുടുംബ പെൻഷനും ഏർപ്പെടുത്തുന്ന ഒരു സമഗ്രമായ സ്റ്റാറ്റ്യൂട്ടറി നിയമ നിർമ്മാണം കേരളത്തിൽ കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം. അതിന് ഈ സഭയിൽ ക്രിയാത്മകമായ ഒരു നിലപാട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ഗവൺമെന്റും സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ശ്രീ. സി. കെ. രാജേന്ദ്രൻ ഈ സഭയിൽ അവതരിപ്പിച്ച ഒരു സബ്മിഷന് മറുപടി പറഞ്ഞുകൊണ്ട് ഗവൺമെന്റ് കേരളത്തിലെ 2 ഹെക്ടർവരെ ഭൂമിയുള്ള കർഷകർക്ക് ഒരു ക്ഷേമനിധിയും പെൻഷൻ പദ്ധതിയും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഈ സഭയിൽ പറയുകയുണ്ടായി. അതിന് വ്യക്തമായ രൂപം ഇതിനകംതന്നെ ഗവൺമെന്റ് നൽകികഴിഞ്ഞിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകർക്ക് വേണ്ടിയുള്ള ക്ഷേമനിധിയും പെൻഷൻ പദ്ധതിയുമാണത്. കർഷകരുടെ പക്കൽനിന്ന് വർഷത്തിൽ 60 രൂപയാണ് ക്ഷേമനിധിയിലേയ്ക്ക് അവർ അടയ്ക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly